**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3833

15.05.2017- ൽ
മറുപടിയ്ക്ക്

## മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ജലവിഭവ വകുപ്പ് പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള മൂന്ന് ഏക്കർ സ്ഥലം റവന്യൂ വകുപ്പിന് വിട്ടു നൽകാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി താലൂക്കിലെ കോളാരി വില്ലേജിലെ പഴശ്ശി ജലസേചന പദ്ധതിയുടെ മൂന്നേക്കർ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥപ്രകാരമുള്ള പ്രൊപ്പോസൽ PWD, വനം വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി 10.03.2017 -ന് ഇരിട്ടി തഹസിൽദാർ തലശ്ശേരി ആർ.ഡി.ഒ യ്ക്ക് സമർപ്പിച്ചിരുന്നെങ്കിലും ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് പ്രൊപ്പോസൽ തിരികെ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ ഇരിട്ടി തഹസിൽദാർക്ക് മടക്കി നൽകുകയുണ്ടായി. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് 09.05.2017-ന് ഇരിട്ടി തഹസിൽദാർ ആർ.ഡി.ഒ യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) ജലവിഭവ വകുപ്പിന്റെ 28/11/2013-ലെ WRD/27698/IRI/12 നമ്പർ കത്ത് പ്രകാരം മൂന്നേക്കർ സ്ഥലം റവന്യൂവകുപ്പിനു വിട്ടു നൽകാമെന്ന് ജലവിഭവവകുപ്പ് സമ്മതം അറിയിക്കുകയും 2016-2017-ലെ പുതുക്കിയ ബജറ്റ് പ്രകാരം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും ഏറ്റെടുക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ കാലതാമസമുണ്ടാകാതെ ഭൂമി കൈമാറ്റം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ നല്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | PWD വകുപ്പിൽ നിന്നും വനം വകുപ്പിൽ നിന്നും വില നിർണ്ണയം സംബന്ധിച്ച റിപ്പോർട്ടുകൾ കിട്ടാനുണ്ടായ കാലതാമസവും തഹസിൽദാർ സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകളും മൂലം സർക്കാരിൽ റിപ്പോർട്ട് നാളിതുവരെയും ലഭ്യമായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കി ഉടൻ സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ